"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - ഗ്രഫ് സേവനത്തിലിരിക്കെ മരണപ്പെട്ട ജവാൻ EXGS-172415A കുഞ്ഞുമോൻ.വി.-യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രഫ് ക്ഷേമനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2024/SWD തീയതി,തിരുവനന്തപുരം, 30-01-2024

---

പരാമർശം:-

1. സ.ഉ.(പി) നം. 450/99/പൊ.ഭ.വ. തീയതി, 29.06.1999.
2. സ.ഉ.(കൈ) നം. 434/01/പൊ.ഭ.വ. തീയതി, 15.11.2001.
3. സ.ഉ.(കൈ) നം. 14/2012/പൊ.ഭ.വ. തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടർ-ഇൻ-ചാർജ്ജിന്റെ 24.08.2022-ലെ B-6/CMSWF/997512/2022/DSW നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും ധനസഹായത്തിനായി സൈനിക സേവനത്തിനിടെ 21.06.2019-ൽ ഉത്തരാഖണ്ഡിലെ തവാഘട്ട് - ഗാട്ടിയാബാഗിൽ വച്ച് മരണപ്പെട്ട ഗ്രഫ് ജവാൻ GS-172415A OEM SPL GDE കുഞ്ഞുമോൻ.വി. -യുടെ വിധവ ശ്രീമതി അന്നമ്മ പി. അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയുണ്ടായി.

ആയത് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രഫ് ക്ഷേമ നിധിയുടെ ഭരണവുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 21.06.2019-ൽ ഉത്തരാഖണ്ഡിലെ തവാഘട്ട് - ഗാട്ടിയാബാഗിൽ ഹൈവേയിൽ ഇന്ത്യ നേപ്പാൾ അതിർത്തിയിൽ വച്ച് ജോലിക്കിടെ സ്ലൈഡ് പോയിന്റ് മുറിച്ചുകടക്കുമ്പോൾ സംഭവിച്ച വീഴ്ചയിലാണ് GS-172415A OEM SPL GDE കുഞ്ഞുമോൻ.വി. -യ്ക്ക് അപകട മരണം സംഭവിച്ചത്. പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു ഗ്രഫ് സർവ്വീസ് ആയി

അംഗീകരിച്ചിട്ടുള്ളതാണ്.

സൈനിക സേവനത്തിനിടെ മരണപ്പെട്ട ഗ്രഫ് ജവാൻ കുഞ്ഞുമോൻ.വി.-യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും അഞ്ച് ലക്ഷം രൂപ ധനസഹായത്തിന് അർഹതയുള്ളതാണ്. പ്രസ്തുത തുക 3:1 എന്ന അനുപാതത്തിൽ ഭാര്യ, മാതാപിതാക്കൾ എന്നിവർക്ക് അനുവദിക്കുവാൻ പരാമർശം 2 ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത തുകയിൽ നിന്നും 50,000/- രൂപ അടിയന്തിര ധനസഹായമായി ആശ്രിതർക്ക് നൽകിയിട്ടുണ്ട്. മരണപ്പെട്ട സൈനികന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. പരേതന്റെ ഭാര്യ ശ്രീമതി അന്നമ്മ.പി.-യ്ക്ക് അടിയന്തിര ധനസഹായമായി അനുവദിച്ച 50,000/- രൂപ കുറവ് ചെയ്തുള്ള തുകയായ 3,25,000/- രൂപ അനുവദിക്കുന്നതിന് സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 21.06.2019-ൽ ഉത്തരാഖണ്ഡിലെ തവാഘട്ട് - ഗാട്ടിയാബാഗിൽ വച്ച് മരണപ്പെട്ട ഗ്രഫ് ജവാൻ GS-172415A OEM SPL GDE കുഞ്ഞുമോൻ.വി. -യുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രഫ് ക്ഷേമ നിധിയിൽ നിന്നും അനുവദനീയമായ 5 ലക്ഷം രൂപയിൽ ജവാന്റെ ഭാര്യയ്ക്കുള്ള വിഹിതമായ 3,75,000/- രൂപയിൽ നിന്നും അടിയന്തര ധനസഹായമായി അനുവദിച്ച 50,000/- രൂപ കുറവ് ചെയ്ത് ബാക്കി **3,25,000/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം)** ശ്രീമതി അന്നമ്മ പി.-യ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി അന്നമ്മ പി.-യ്ക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കരവാളൂർ ശാഖയിലുള്ള അക്കൗണ്ട് നം. **38560118990 (IFSC - SBIN0007623)** -ലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി അന്നമ്മ.പി., കരിമ്പുമണ്ണിൽ, ചെമ്മന്തൂർ, പുനലൂർ.പി.ഒ., കൊല്ലം - 691 305.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jenshar
Date: 30-01-2024 17:05:05
സെക്ഷൻ ഓഫീസർ